# പതിമൂന്നാം കേരള നിയമസഭ

## ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5069 — 01/07/2013-ൽ മറുപടിക്ക്

## വയനാട് ജില്ലയിൽ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിലയ്ക്കുവാങ്ങി നൽകുന്ന പദ്ധതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | വയനാട് ജില്ലയിലെ ഭൂരഹിതരായ ആദിവാസികൾക്ക് ഭൂമി വിലയ്ക്ക് വാങ്ങി നൽകുന്ന പദ്ധതി പ്രകാരം എത്ര ഭൂമി ഏറ്റെടുത്തു; അറിയിക്കാമോ; | എ യും ബി യും | ഭൂമി ഏറ്റെടുത്തിട്ടില്ല. |
| ബി | ആയതിൽ എത്ര ഭൂമി വിതരണം ചെയ്തു; എന്തു തുക ചെലവായി; അറിയിക്കാമോ; | | |
| സി | ഈ പദ്ധതിയ്ക്കായി ഫണ്ട് അനുവദിച്ച ഉത്തരവിന്റെയും ഭൂമി ഏറ്റെടുക്കൽ നടപടിക്ക് റിക്വിസിഷൻ ഓഫീസറെ ചുമതലപ്പെടുത്തിയതിന്റെയും ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ? | സി | സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഭൂരഹിത പട്ടികവർഗ്ഗ കുടുംബങ്ങളുള്ള വയനാട് ജില്ലയിൽ ഭൂമി ഫാസ്റ്റ് ട്രാക്ക് പ്രൊസീഡിയർ ഗൈഡ് ലൈൻ പ്രകാരം വാങ്ങി നൽകുന്നതിനു വേണ്ടി വയനാട് ജില്ലാ ആദിവാസി പുനരധിവാസ വികസന മിഷന് 50 കോടി രൂപ ഇതിനകം കൈമാറിയിട്ടുണ്ട്. ഫണ്ട് അനുവദിച്ച ഉത്തരവുകളുടെ പകർപ്പ് **അനുബന്ധം-1, അനുബന്ധം-2** ആയി ഉള്ളടക്കം ചെയ്യുന്നു. ഭൂമി ഏറ്റെടുക്കൽ നടപടിയ്ക്ക് റിക്വിസിഷൻ ഓഫീസറായി വയനാട് ഐ.റ്റി.ഡി. പ്രോജക്ട് ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. (പകർപ്പ് **അനുബന്ധം 3** ആയി ഉള്ളടക്കം ചെയ്യുന്നു). |

**സെക്ഷൻ ഓഫീസർ**

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**